വിപണി ലക്ഷ്യമാക്കിയുള്ള കൈത്തറി വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 25.72 കോടി രൂപയുടെ രണ്ട് പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ആന്റ് എക്സ്പോർട്ട് പ്രൊമോഷൻ സ്കീം പ്രകാരം ഹാന്റക്സ്, ഹാൻവീവ്, കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അവരുടെ കയറ്റുമതിയുടെ 20% മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകുകയും അന്തർദ്ദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കുവാൻ ഹാൻവീവ്, ഹാന്റക്സ്, കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സാഹായം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) യു.എസ്.എ., ഹോങ്കോംഗ്, ബെൽജിയം, നെതർലാൻഡ്, ഫ്രാങ്ക്ഫർട്ട്, ജപ്പാൻ, ഗൾഫ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് കൈത്തറി വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കാൻ നടപടി

൩൦ (*29) ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ഈ. മാത്യു :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ എത്ര ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുണ്ട് ;

(ബി) ഈ ചട്ടങ്ങൾ ബാധകമാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ ഭാവി വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ പ്രധാന റോഡുകളുടെ ഓരത്ത് അശാസ്ത്രീയമായി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നുണ്ടോ ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ൪൪ ഗ്രാമപഞ്ചായത്തുകളിൽ ബാധകമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവൃത്തികൾ നിയമപ്രകാരം പൊളിച്ചു മാറ്റുന്നതിന് അതാത് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കാറുണ്ട്.

(സി) മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടത്തിലെ വ്യവസ്ഥകൾ മറ്റുള്ള ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാധകമാക്കുന്നതാണ്. കൂടാതെ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly